

# ജ്യോതിസ്സ്

# ആമുഖം

**2023 - 24 അദ്ധ്യയന വർഷം ലിറ്റിൽ കൈറ്റ്സിന്റെ അഭിമുഖത്തിൽ തയാറാക്കുന്ന ഈ ഡിജിറ്റൽ മാഗസ്സിൻ എന്നെന്നും വ്യത്യസ്തത നിറഞ്ഞവയാണ്. ഇത്തവണ മാഗസിനിൽ ഗണിതവും, മലയാളവും ചരിത്രവും, സാഹിത്യവും ചേർന്ന 'ജ്യോതിസ്സ് ' എല്ലാ ഡിജിറ്റൽ വായനക്കാർക്കും പേരു പോലെ തന്നെ അന്വർത്ഥമാകും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ മാഗസിൻ നിങ്ങൾക്ക് സമർപ്പിക്കുന്നു.**

----------------------------

# ആശംസകൾ



**ജി . ഗോപകുമാർ**
**ഹെഡ് മാസ്റ്റർ**

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ സംരംഭമായി ഒരു ഡിജിറ്റിൽ മാഗസിൻ പ്രസിദ്ധീകരിക്കുകയാണ് . നമ്മുടെ ആശയ സംവിധാനങ്ങളും,മറ്റ് ഒട്ടുമിക്ക ഇടപാടുകളും കടലാസ് രഹിത ഡിജിറ്റൽ രൂപങ്ങളിലേക്ക് ചുവടുമാറ്റിക്കഴിഞ്ഞു. വിജ്ഞാനം മുഴുവൻ നമുക്ക് വിരൽത്തുമ്പിൽ ലഭ്യമാണ് . ആശങ്ങളെ കൂടുതൽ അനുഭവവേദ്യമാക്കുവാൻ ഡിജിറ്റൽ മാഗസീനുകൾക്ക് സാധിക്കും.

പുത്തൻ ചുവടുവെപ്പ് വിജയമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ സംരഭത്തിനുപിന്നിൽ പ്രവർത്തിച്ച ഏവർക്കും ആശംസകൾ നേരുന്നു.

# ഉള്ളടക്കം


1. തോരാതെ പെയ്യുന്ന തുലാമഴ 6-8
2. ഒരു മഴത്തുള്ളിയുടെ ഓർമയ്ക്ക്. 9
3. ശലഭജന്മം. 10-11
4. മണ്ണും മനുഷ്യനും. 12-13
5. എങ്ങുപോയി. 14
6. ഇന്നെന്റെ നാട്. 15-16
7. വസന്തത്തോട്. 16-19
8. അക്കപ്പാട്ട്. 20-21
9. ചരിത്രം. 22-23
10. ആർക്കമിഡിസ് തത്ത്വം. 24
11. സുഹൃദ് സംഖ്യകൾ. 25
12. ഒന്നിന്റെ വികൃതികൾ. 26

13. റോമൻ സംഖ്യാസമ്പ്രദായം. 27
14.ആ വേനലവധിക്കാലം. 28-29
15. ടാർടാഗ്ലിയ. 30
16. തേങ്ങുന്ന മരങ്ങൾ. 31-32
17. കുട്ടികളുടെ കവിതകൾ. 33-34
18. മുഖപ്രസംഗം. 36 .

# തോരാതെ പെയ്യുന്ന തുലാമഴ

മഴ അയാൾക്ക് വെറുപ്പായിരുന്നു. അഞ്ചടിയോളം പൊക്കവും
കട്ടിക്കൂടിയ താടിയും മീശയും, അയാൾ അയിരുന്നു ആ കോളേജിന്റ
കാവൽക്കാരൻ. കോളേജിന്റ മുക്കും മൂലയും അയാൾക്ക്
പരിചിതമായിരുന്നു. കോളേജിന്റ പ്രധാന കവാടത്തിനോട് ചേർന്ന
ചെറിയ മുറിയായിരുന്നു അയാളുടെ ഇരിപ്പിടം. തന്റെ ജോലിയിൽ ഒരു
പിഴവും വരുത്താൻ അയാൾ തയാറല്ലായിരുന്നു.
അയാളെ എല്ലാർക്കും ഇഷ്ടമായിരുന്നു . കുട്ടികൾ വരുമ്പോഴും
പോകുമ്പോഴും അയാളുടെ മുന്നിൽ ഹാജർ രേഖപ്പെടുത്തുമായിരുന്നു.
എല്ലാവരും അയാളെ സോമൻ ചേട്ടൻ എന്നായിരുന്നു
വിളിച്ചിരുന്നത് .
എന്നിട്ട് അയാൾ എന്തിന് അത് ചെയ്തു. പതിവുപോലെ
സോമൻചേട്ടൻ അയാളുടെ കുഞ്ഞുമുറിയിൽ ഇരിപ്പായിരുന്നു. പുറത്ത്
നേർത്ത മഴ. പെട്ടെന്നാണ് ആ നിലവിളി അയാൾ കേട്ടത് .
കാലൻകുടയുമായി അയാൾ പുറത്തേക്ക് ഇറങ്ങി, ചെറിയ
ആകാംക്ഷയോടും കൗതുകത്തോടും നോക്കി. അത്
നീതയായിരുന്നു. അവിടുത്തെ നാലാം വർഷ എൻജിനിയറിംഗ്
വിദ്യാർത്ഥി. പഠനത്തിൽ അവൾ എന്നും ഒന്നാമതായിരുന്നു
കലയിലും വളരെ നല്ല വ്യക്തിത്വം, അവൾ സോമൻ ചേട്ടന്റ
അടുത്തേക്ക് ഓടിവന്നു മുഖം നിറയെ ചോര, വസ്ത്രങ്ങൾ
കീറിയിരിക്കുന്നു.പിറകിൽ ഒരു വണ്ടി

വന്നു നിർത്തി അതിൽ ഒരാൾ അവളെ ബലമായി പിടിച്ചു.
സോമൻ പിടിവിടുവിക്കാൻ ശ്രമിച്ചെങ്കിലും അയാളുടെ
മെയ്യ്ക്കരുത്തിൽ സോമൻ നിസ്സാഹായത പാലിക്കേണ്ടിവന്നു.
അവളെ ആ സംഘം പിടിച്ച് വലിച്ച് വണ്ടിയിൽ കയറ്റി.വണ്ടി
പാറി ആ മഴയിലൂടെ പോയി സോമൻ
വിയർത്തിരുന്നു.
അയാൾ നിശബ്ദനായി നിന്നു.പെട്ടന്ന് അയാൾ ചിന്തയിൽ നിന്നും
എണീറ്റ് പിന്നിട് ഫോണെടുത്ത് പോലിസിനോട്
പറഞ്ഞു.കോളേജ് അധികാരികളേയും വിവരമറിയിച്ചു.പോലീസ്
എത്തി സോമന്റെ മൊഴിഎടുത്തു പിറ്റേന്ന് നീതയുടെ ശവം
റെയിൽപ്പാളത്തിനുസമീപം കണ്ടെത്തി. അലമുറയിട്ടു
കരയുന്നനീതയുടെ അച്ഛനും അമ്മയും അന്വേഷണം പുരോഗമിച്ചു.
കുറ്റവാളികൾ സോമൻ ചേട്ടനെ ഭീഷണിപ്പെടുത്തി അതിക്രമം
വീട്ടിലും തുടർന്നു ഭയപ്പെട്ടുപോയ ഭാര്യസുമതി സത്യം പറയുന്നതിൽ
നിന്നും അയാളെ പിൻതിരിപ്പിച്ചു. ആ കുടുംബ-
ത്തിന്റെ ആകെ ആശ്രയം അയാളയിരുന്നു.ഭാര്യയുടെ കരച്ചിൽ
കണ്ട് അവസാനം സോമൻ ചേട്ടൻ സത്യം പറയില്ല എന്നു
സമ്മതിച്ചു.കോടതി മൊഴി പറയുന്ന ദിവസം.നിറഞ്ഞ ഭാരത്തോ-
ടെ സോമൻ കോടതിയുടെ പടി കയറി.അങ്ങകലെകുറ്റവാളികൾ
നില്ക്കുന്നത് അയാൾ കണ്ടു.അവർ അയാളെ ആംഗ്യത്താൽ ഭീഷ-
ണിപ്പെടുത്തി.വക്കീൽ വിസ്താരം തുടങ്ങി താൻ ഇവർ കൊലപ്പെ-
ടുന്നത് കണ്ടോ? വക്കീൽ ചോദിച്ചു .അയാൾ ആയിരുന്നു
കേസിന്റെ സാക്ഷി, അയാൾ പറഞ്ഞു ഇല്ല. കോടതിൽ നീതയുടെ
മാതാപിതാക്കൾ അയാളെ നിസ്സാഹയതയോടെ നോക്കി ആ
നോട്ടം സോമൻപിള്ളയെ വെന്തെരിച്ചു.കുറ്റവാളികൾ രക്ഷപ്പെട്ടു
നിശബ്ദതക്കും മുന്നിൽ സത്യത്തിനുംകയ്യാണ് മനസ്സിൽ ഭാരം

താങ്ങാൻ ആവാതെ നിശബ്ദമായി അയാൾ നടന്നു.
അയാൾ ഒരു
കാവൽകാരനാണ് . പക്ഷെ ജീവിതത്തിനു മുന്നിൽ
സത്യത്തിനും
സ്ഥാനമില്ലാതാവും,പിറ്റേന്ന് മുറിയുടെ വാതിൽ തുറന്ന സുമതി
കണ്ടത്
ഫാനിൽ തൂങ്ങി കിടക്കുന്ന സോമന്റെ ശവമാണ് അവൾ
നിലവിളിച്ചു.
പാപഭാരത്തിന്റെ ഓർമകളുമായ് സോമൻ ലോകത്തോട്
വിടപറഞ്ഞു.

ആദിശങ്കർ

# <u>ഒരു മഴത്തുള്ളിയുടെ ഓർമയ്ക്ക്</u>

ഏകാന്തമായ എന്റെ ജാലകത്തിലൂടെ
കണ്ട മഴ മണ്ണിൽ വന്ന് വീഴുമ്പോളുണ്ടാകുന്ന ഗന്ധത്തിന് ഓർമകളുടെ
തീക്ഷ്ണതയുണ്ട്.ഇരുണ്ട
ഇടനാഴികകളിലൂടെ നടക്കുമ്പോൾ ഒരു നർത്തകിയുടെ
ചിലങ്കയുടെ ശബ്ദം കാതിൽ വന്ന് പതിക്കുന്നു.
ഈറനണിഞ്ഞ വിരൽ നീട്ടി ആരോ എന്റെ
പ്രാണനിൽ തൊടും പോലെ ഓരോമഴത്തുള്ളിയും
എന്റെ ആത്മാവിൽ വന്ന് വീഴുന്നു.മഴ ഒരു
വലിയ ഓർമപുസ്തകമാണ്.ആദ്യമായി ഞാൻ
മഴയെ സ്നേഹിച്ച ഒരു ദിവസത്തെ ഓർമ എന്റെ
മനസ്സിലെക്ക് വന്നു.മഴ നനയാതിരിക്കാൻ ഒടിക്കയറി-
യ ത്രുപക്കുടും അതിനുള്ളിലെ അനന്തമായ ഓർമയും.
മഴപെയ്യുമ്പോൾ ഒരായിരം മെഴുകുതിരികൾ ആ
ത്രുപക്കുടിന്നുള്ളിൽ കത്തിനിൽക്കുന്നു. അതോരോന്നും
കെട്ട് പോയിട്ടും ഒന്നുമാത്രം കെടാതെ തെളിഞ്ഞു
നിൽക്കുന്നു.ഓരോമഴത്തുള്ളിയിലും ആ തിരിനാള-
ത്തിൽ വെളിച്ചം കടന്നു പോകുമ്പോൾ ഉണ്ടാവുന്ന
ഏഴു നിറങ്ങൾ എന്റെ ജീവിതത്തെ സുന്ദരമാക്കും.ആ
മഴദിവസം ജീവിക്കാനുദ്ബോധിപ്പിക്കും.എങ്കിലും ആ
ഓർമ്മയിൽ അൽപ്പം കണ്ണുനീർ കലർന്നിട്ടുണ്ടോ എന്നറിയില്ല.

<u>ജ്യോതിഷ്.വി</u>

# ശലഭജന്മം




ശലഭം..... ശലഭം.......ശലഭജന്മം
ജന്മം ശലഭത്തിൽ കൂട്ടുപോൾ
ചെറു ചെടികളിൽ സൗന്ദരവതിയ
ശലഭം തൻ സൗന്ദയത്തെ പുകഴ്ത്തുന്നു
മാടിവിളിക്കുന്നു ചെടികൾ
വാടാതെ പൂവിടുന്നു
തേനും പൂവിൻ മധുരം നുണടാൻ

പാഞ്ഞോടിവ എത്തുവി ശലഭം
ചിരകാൾ ചിത്രശലഭം ചിന്തയിൽ
മൂഴ്ഗകാതെ
പായുമി ചിത്രശലഭം കാറ്റിലൂടെ
സൗന്ദര്യം പകർത്തുമി ശലഭം

മര ണമാകുന്ന നേരത്തും മരിക്കാതെ
ജീവിക്കുമി സുന്ദരി.ജനിക്കു വീണ്ടും
ജനിക്കും പുനർജന്മം ഒരു സന്തോഷത്തിന്റെ
പുലർക്കാലം എത്തട്ടെ... ഇനിയും
വരുമി ശലഭം... ശലഭം... ശലഭം
വിരിയുമി ചെടികളിൽ സൗന്ദര്യവതിയാം
ചിത്രശലഭം
തൻ പുനർജന്മത്തിന്റെ സ്നേഹമാം
പുതു ജീവനു വരവേൽപ്പാൻ കാത്തിരിക്കുമി
അമ്മ ശലഭം വരവേൽപ്പാൻ...
ഈ കുഞ്ഞു ജീവനു വരവേൽപ്പ്.....

ശ്രീഹരി.എസ്

# മണ്ണും മനുഷ്യനും



നമ്മുടെ പ്രകൃതി ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയണ്.
മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടൽ മൂലംപ്രകൃതിയുടെ
സന്തുലനാവസ്ഥയ്ക്ക് കോട്ടം തട്ടുന്നു.
മണ്ണ് നമ്മുടെ സ്വത്താണ് അവയിപ്പോൾ ഇല്ലാതാവുകയും
മലിനമാകകയും ചെയ്യുന്നു നമ്മൾ സംരക്ഷിക്കേണ്ട മണ്ണ് നാം തന്നെ
നശിപ്പിച്ചുകൊണ്ടിരിക്കുകയാണ് മണ്ണ് തന്നെ പല ഇയിനമുണ്ട്
ചെമ്മണ്ണ് ,ചരൽ ,പൊടിമണൽ ഇങ്ങനെ നിരവധി ഇവയൊക്കെ
മാലിന്യമായി കൊണ്ടിരിക്കുകയാണ് മണ്ണും മനുഷ്യനും എന്ന ഏറെ
ശ്രദ്ധ നേടിക്കൊണ്ടിരിക്കുന്ന വിഷയങ്ങളാണ് എന്ന് തന്നെ പറയാം.
മനുഷ്യന്റെസുഖങ്ങൾക്ക് വേണ്ടി മണ്ണ് നശിപ്പിക്കുന്നു പുഴയിൽ നിന്ന്
മണൽവാരൽ ,കുന്നിടിച്ചിൽ ഇങ്ങനെ മനുഷ്യന്റെ അശാസ്ത്രീയ
ഇടപെടൽ മൂലം നിരവധിദുരന്തങ്ങളാണ് അനുഭവിക്കുന്നത്.
ദൈവത്തിന്റെ സമ്മാനമാണ് ജലസ്രോതസ്സുകൾ ഇവയെല്ലാം ഒറ്റ
നിമിഷം
കൊണ്ട് വേരോടെ പറിച്ചെറിയുന്ന മനുഷ്യരുടെ കാലത്താണ് നമ്മൾ
ജീവിക്കുന്നത് പ്രകൃതി എന്ന അമ്മയെ നിരവധിഅനാവശ്യ
പ്രവർത്തനങ്ങളിലൂടെ ചൂഷണം ചെയ്യുകയാണ്. മനുഷ്യൻ പുഴയിൽ
നിന്നും
മണൽവാരി അത് കൊടുത്തു കാശ് വാങ്ങിക്കുകയും അല്ലെങ്കിൽ
വേറെ ആവശ്യങ്ങൾക്കായി ഈ മണ്ണ്
ഉപയോഗിക്കുന്നു ഇതിലൂടെ പുഴയിലെ മണ്ണ് കുറയുകയും ആഴം
കൂടുകയും
ചെയ്യുന്നു.

ദേവിക.കെ

# എങ്ങുപോയി

ഭൂമിതൻ മാറിൽ ഞാനൊലിചൊഴുകുന്നു
ഇന്നെൻ ആത്മാവിനായി
കടലുകൾക്കപ്പുറം,
കരക്കൾ കവിഞ്ഞ്
എൻ ശിഖരത്തിൻ
നാമ്പിനായി,
ഭൂമിതൻ നെറ്റിയിൽ
മേഘങ്ങൾ തൻ വിതുമ്പലാൽ
മൊഴിയാമെ.......
ഭൂമിതൻ നെറ്റിയിൽ
മേഘങ്ങൾതൻ വിതുമ്പലാൽ
എൻ വസതിതൻ
നെറുകയിൽ ആരോതൻ
മാന്ത്രികജീവിതം
എൻ നേത്രങ്ങൾ പൊഴിഞ്ഞിടും
ചുടുരക്തത്തിനായി
അവർതൻ കരങ്ങൾ
തുടിച്ചതും
ഞാനോഴുകുന്ന ആത്മാവുപോൽ
എൻ വഴിയിൽ.

ശ്രീലക്ഷ്മി.എസ്

# ഇന്നെന്റെ നാട്



പുഞ്ചതൻ പാടങ്ങൾ കൊഞ്ചി തിമിർക്കുന്ന
മൊഞ്ചേറും
നാടാണെൻ നാട് .
വഞ്ചിപ്പാട്ടീണവും ഓളവും തീരവും
നെഞ്ചേറ്റുമെൻ നാട് കുട്ടനാട് .
തോടുകൾ ആറുകൾ കായൽപ്പരപ്പുകൾ
തോണികൾ പലതരം കാണ്മൂനമ്മൾ
തോൽപ്പിക്കാനാകാതെ കർഷകക്കൂട്ടങ്ങൾ
തോൽക്കാൻ മനസ്സില്ലാ തൊഴിലാളികൾ.
അമിതമാം വിഷമിന്നു എന്നുടെ നാടിനെ
അതികഠിനമാം രോഗത്തിനടിമയാക്കി
അറിവില്ലാത്തൊരുവനും ചെയ്തുപോയതല്ല
അമിതലാഭത്തിൻ കൊതിതൻ ഫലം
ശരിതേടിപ്പോകണമെനിക്കെന്റെ നാടിനെ
ശരിതൻ വഴിക്കുനയിച്ചിടേണം
ശാലീന സുന്ദരമാമെന്റ പ്രിയനാട്ടിൽ
ശലഭങ്ങൾ വീണ്ടും പറന്നീടണം
ശലഭങ്ങൾ വീണ്ടും പറന്നീടണം

ഗൗരി.നിബീഷ്

# വസന്തത്തോട്

എന്തേ വസന്തമേ
നീ എന്നേ പുൽകാതെ
പോയി കൈക്കുടന്ന നിറയെ പൂക്കളുമായി
നീ എന്റെ അരികത്തുടെ
പോയിട്ടും എന്തേ ഒരു
മധുമാസം എനിക്ക്
തന്നില്ല പിന്നെ തിരിഞ്ഞു പോലും
നോക്കാൻ ഞാൻ കാത്തിരിക്കും  നീ
എന്നെ കാണുമ്പോഴെല്ലാം
തിരിഞ്ഞുനിൽക്കുമെ-
ങ്കിലും എനിക്കു
വിഷമമൊന്നും തോന്നാറില്ല എന്നാൽ
ഇന്നു

നിനക്കെന്നോടുള്ള പിണക്കം ഇഷ്ടമല്ല
എന്നു തോന്നുന്നു നീ
നടന്നു പോകും വഴിയേ
ഞാൻ നോക്കാതെ
നോക്കാതെ നോക്കി-
ക്കൊണ്ട് പറയാതെ

പറയും നമ്മൾ പങ്കിട്ട
നിശ്ബദതയാണ്
നമ്മുടെ സൗഹ്രദം.
എന്റെ പേരുകളൊക്കെയും
ഉണങ്ങി എന്റെ
ചില്ലകളിലിന്ന്
കിളികൾ ക്രുടു ക്രുട്ടുന്നില്ല. ഓരോ
വസന്തത്തിലും
ചുവപ്പണിഞ്ഞ്
നിൽക്കുന്ന ഞാനിന്ന്
രക്തം കക്കിയ ജ്ജയമായി മാറിയിരിക്കുന്നു

എന്റെ വരാന്തയിലുടെ
കടന്നു പോകുന്ന
കാറ്റ്  കാറ്റും പോലും
ചോദിക്കുന്നു, നീ പന്തേ
തനിച്ചായി എന്ന് എന്റെ
ചില്ലകളിലൂടെ വെയിൽ
കടന്നു പോകുമ്പോൾ
എന്റെ ചുവന്ന

എന്റെ ചുവന്ന
പൂക്കളുടെ സന്തോഷം
ഇന്നില്ലാതായി

മണമില്ലാതെ പൂജക്കെ-
ടുക്കാത്തവളായതിനാലാണോ.
അതോ വമ്പന്തമായ
നിന്റെ മുമ്പിൽ
താഴ്ന്നജ്ജാതിക്കാരി-
യായതിനാലാണോ
വസന്തമേ നീയെന്നെ
മാറ്റിനിർത്തുന്നത്
നീ നടന്നകന്ന
വഴിയിലേക്ക് ഉറ്റുനൊ-
നൊക്കി കൊണ്ട്
ഞാൻ നിന്നെ
ഓർത്ത് നിൽക്കും

ജയശങ്കർ.എസ്

# അക്കപ്പാട്ട്




ആദ്യത്തെയക്കം  ഒന്നാണ്
ഒന്നേ ദൈവം ഏവർക്കും

ഒന്നും ഒന്നും രണ്ടാണ്
കാളയ്ക്ക് കൊമ്പുകൾ  രണ്ടല്ലോ

രണ്ടും ഒന്നും മൂന്നാണ്
തേങ്ങയ്ക്ക് കണ്ണുകൾ മൂന്നാണ്

മൂന്നും ഒന്നും നാലാണ്
മേശയ്ക്ക് കാലുകൾ നാലാണ്

നാലും ഒന്നും അഞ്ചാണ്
ഒരു കൈവിരലുകളഞ്ചാണ്

അഞ്ചും ഒന്നും ആറാണ്
വണ്ടിന് കാലുകളാറാണ്

ആറും ഒന്നും ഏഴാണ്
ഏഴാണാഴ്ചയിൽ ദിവസങ്ങൾ

ഏഴും ഒന്നും എട്ടാണ്
ചിലന്തിക്ക് കാലുകൾ എട്ടാണ്


എട്ടും ഒന്നും ഒമ്പതാണ്
നവരത്നങ്ങൾ  ഒമ്പതാണ്

ഒമ്പതും ഒന്നും പത്താണ്
കൈ വിരലാകെ പത്താണ്

വിഷ്ണു.എസ്

# ആർക്കിമിഡീസ് തത്ത്വം

" ദ്രാവകത്തിൽ ഒരു വസ്തുവിന്റെ ഭാരനഷ്ടവും അത് ആദേശം ചെയ്യുന്ന ദ്രാവകത്തിന്റെ ഭാരവും തുല്യമാണ്"



"ദൈവം പ്രപഞ്ചം എഴുതിയ ഭാഷയാണ് ഗണിത ശാസ്ത്രം "

ഗലീലിയോ

# സുഹൃദ് സംഖ്യകൾ




220 ന്റെ ഘടകങ്ങൾ നോക്കു
1,2,4,5,10,11,20,22,44,55,110,220
ഇവയിൽ 220 ഒഴിച്ചു നിർത്തി ബാക്കിയുള്ളവയുടെ  തുക കണ്ടു പിടിച്ചു നോക്കാം.
248 കിട്ടുന്നു. ഇനി 2484 ന്റെ ഘടകങ്ങൾ പരിശോധിക്കാം.
1,2,4,71,142,284
ഇതിൽ 284 നെ മാറ്റി നിർത്തി ശേഷിക്കുന്നവ ക്രൂട്ടിനോക്കാം. ഉത്തരം 220.
എന്തു രസകരമായ ബന്ധമാണ്. ഇത്തരം പ്രത്യേകതയുള്ള ഒരു ജോടി

അമ്പാടി.എസ്

# ഒന്നിന്റെ വികൃതികൾ

1×1 = 1
11×11 = 121
111×111 = 12321
1111×1111 = 1234321
11111×11111 = 123454321
111111×111111 = 12345654321
1111111×1111111 = 1234567654321
11111111×11111111 = 123456787654321
111111111×111111111 = 12345678987654321

28 ആം പേജിലെ ഉത്തരം

1 *യൂക്ലിഡ്

2 *പൈഥഗോറസ്

3 *പാസ്കൽ

അർജ്ജുൻ.ബാബുരാജ്

-

# റോമൻ സംഖ്യാസമ്പ്രദായം

സ്ഥാനവില ഇല്ലാത്തതും '0' ഉപയോഗിക്കാ ത്തതുമായ സംഖ്യാ സമ്പ്രദായം ആണ് റോമൻ സമ്പ്രദായം. ഇവിടെ അക്കങ്ങൾക്കു പകരമായി ചിഹ്നങ്ങളാണ് ഉപയോഗിക്കുന്നത്. പ്രധാന ആക്കങ്ങൾക്കായുള്ള ചിഹ്നങ്ങൾ.

| | | |
|---|---|---|
| I - 1 | VI - 6 | L - 50 |
| II - 2 | VII - 7 | C - 100 |
| III - 3 | VIII - 8 | D - 500 |
| IV - 4 | IX - 9 | M- 1000 |
| V - 5 | X - 10 | |

ഒരു ചിഹ്നനത്തിന്റെ മുകളിൽ ഒരു വര (-) ഇട്ടാൽ അതിന്റെ ആയിരം മടങ്ങിനെ സൂചിപ്പിക്കുന്നു.

ഉദാ : V- = 5×1000=5000

ഈ രീതിയിൽ ഒരു സംഖ്യയുടെ ഇടതുവശത്ത് എഴുതുന്ന ചെറിയ സംഖ്യ കുറയ്ക്കുകയും വലതുവശത്ത് എഴുതുന്ന ചെറിയ സംഖ്യ കൂട്ടുകയും വേണം. (അത്ര മോശമൊന്നുമല്ല........ റോമൻ സമ്പ്രദായം അനുസരിച്ച് ഇത് 10 മാർക്കാ.)

IV = 5 - 1 = 4

VI = 5 + 1 = 6

XL = 50 - 10 = 40

LX = 50 + 10 = 60

CD = 500 - 100 = 400

CM = 1000 - 100 = 900

ഒരു ചിഹ്നം ഒരു സംഖ്യയിൽ 3 തവണയിൽ കൂടുതൽ ഉപയോഗിക്കാൻ പാടില്ല.

X - 10

XX - 20

XXX - 30

എന്നാൽ 40 എന്നത് XXXX അല്ല പകരം XL ആണ്.

# വേനലവധിക്കാലം




മേടച്ചൂടിന്റെ വെയിൽ നാളങ്ങളിൽ
ചാഞ്ചാടുന്ന നെൽക്കതിരുകളിൽ
മാമ്പൂവിന്റെ സുഗന്ധമുള്ള ഒരു കാലം ....
കാത്തിരിപ്പിനൊടുവിൽ കിട്ടിയ
വേനലവധിക്കാലം

തേൻ കിനിയുന്ന മാമ്പഴം പോലെ
ഒരു മധുരോതാര വികാരം
എന്റെ ബാല്യം
പരീക്ഷ ചൂടെല്ലാം അടങ്ങവേ
കാത്തിരിപ്പൂ ഈ മീനച്ചൂടിനായി
മാവിന്റെ ചോട്ടിൽ ചില വഴിച്ച കാലം
കണിക്കൊന്നപ്പൂക്കൾക്കായി നാം
അലഞ്ഞ നാളുകൾ
ഗ്രാമത്തിന്റെ ചൂട് തൊട്ടറിഞ്ഞ
നാളുകൾ ഇന്ന് അന്യമായി.
ഒന്നിച്ച് കൂട്ടുകൂടി നടന്ന ഞങ്ങൾ
ഇന്ന് വീട്ടിനുള്ളിൽ തടങ്കലിലായ്
വേനൽ ചൂടിനാലല്ല
മറ്റെന്തോ കാരണത്താൽ ..
മാമ്പൂ ഗന്ധം നിറഞ്ഞ വേനലിന്
ഒരു സാനിറ്റൈസർ ഗന്ധം
കൈകോർത്ത് പിടിക്കാൻ പഠിച്ച ഞങ്ങൾ
പഠിച്ചു അകലം പാലിക്കുവാനും
വിഷു കൈനീട്ടമായ് മുന്നിൽ വന്നതോ
കോവിഡിന്റെ നാളുകൾ ...

വിഷ്ണു.എസ്

# ടാർടാഗ്ലിയ

നവോതഥന കാലത്തെ ഇറ്റലിയിലെ പ്രനവോത്ഥാന പ്രസിദ്ധദണിത ശാസ്
ആയിരുന്നു ഫൊൻടാന. അദ്ദേഹം ടാർടാഗ്ലിയ എന്ന അപരനാമത്തിൽ അറിയപ്പെട്ടു
നിക്കോളോ ഫൊൻടായ് ക്ക് 13 വയസ്സുള്ളപോഴാണ് ഫ്രഞ്ചുകാർ അയാൾ താമസിച്ചിരുന്ന പട്ടണം ആക്രമിച്ചത്. ഒരു പട്ടാളക്കാരൻ നിക്കോളോയുടെ മുഖത്ത് വാളുകൾ
കൊണ്ട് വെട്ടി. ഭാഗ്യംകൊണ്ട് രക്ഷപ്പെട്ടെങ്കിലും നിക്കോളോയ്ക്ക് അന്നു മുതൽ ശരിയായി സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാലാണ് 'വിക്കുള്ളവൻ' എന്നർത്ഥം വരുന്ന 'ടാർടാഗ്ലിയ' എന്ന അപരനാമം അയാൾക്ക് കിട്ടിയത്. അക്കാലത്ത് ഗണിത ശാസ്ത്രജ്ഞന്മാർ തമ്മിൽ പരസ്യമായി വെല്ലുവിളികളും മത്സരങ്ങളും നടത്തിയിരുന്നു. തോൽക്കുന്നയാൾക്ക് അപമാനം മാത്രമല്ല , ചിലപ്പോൾ ഉദ്യോഗനഷ്ടവും സംഭവിക്കും. ടാർടാഗ്ലിയ അക്കാലത്ത് ത്രിമാന സമവാക്യങ്ങളുടെ മൂല്യങ്ങൾ കണ്ടുപിടിക്കാനുള്ള പൊതുരീതി കണ്ടെത്തി.

ജയശങ്കർ.എസ്

# തേങ്ങുന്ന മരങ്ങൾ

തേങ്ങികരഞ്ഞിടുമീ വടവൃക്ഷത്തിൽ
വേദന നിങ്ങൾ അറിയുന്നുവോ...
കാലങ്ങളായി നിന്നെ താങ്ങിനിർത്തിടുന്ന
മുത്തശ്ശിയമ്മയെ ഓർക്കുന്നുവോ...
ഓർമിപ്പിച്ചു എന്നും ഓർമ്മതൻ
ചില്ലയിൽ ചാഞ്ചാടുമമ്മതൻ
കൊഞ്ചലുകൾ..........
ലജ്ജയാവുന്നില്ലേ മാനുഷാ
നിങ്ങൾക്ക് സിവബുദ്ധിയില്ലായ്മയോ
നിന്റെ പ്രശ്നം.

പ്രാണനും പ്രണയവുമാകേണ്ട
വൃക്ഷങ്ങൾ ക്രൂരമാം മിഥ്യതൻ കെണിയിലാകേ
കോടുവാളിൻ മുനയിൽ തേങ്ങിനിൽക്കും
ഞങ്ങൾക്കാരുണ്ടീ ഉലകിൽ ആശ്രയമായി
ഓർക്കനീ മാനവ ഒരുനാളിൽ നിന്നുടെ
അപരാധം എന്ത് എന്ന് അറിയും നീയ്
"പച്ചയാം എന്നിലെ മാംസത്തെ -
യൂറ്റി നീ പടുക്കുറ്റമാം കൊട്ടാരം
തീർത്തുവല്ലോ...
ഓർക്കുക മാനവ തേങ്ങുന്ന
ഞങ്ങളിൽ ജീവന്റെ തുടിപ്പുകൾ
ഉണ്ട് എന്ന്............
നിൻ പക്കലിന്നുള്ള ധാന്യധനാദിയോ
മൂല്യമാം സമ്പത്തോ എനിക്കുവേണ്ട
മക്കളാം നിങ്ങളെ താങ്ങിനിർത്താനുള്ള
ജീവിതം മാത്രമാണിന്നാവശ്യം...

ഞാനെന്ന ഭാവത്തെ തള്ളിക്കളഞ്ഞു നീ
ബുദ്ധജ്ഞനമായെന്നും നിലക്കൊള്ളുക
അമ്മയാം പ്രകൃതിയെ മാറോടണച്ചു നീ
സ്വകീർത്തിയായ് വാഴുക എന്നാളിലും
ഓർക്കുക നിൻ ബാഹു, ഇന്നതിലുള്ളത്
കടമയായ് ലഭിച്ച പ്രകൃതിയല്ലോ
മൂല്യമാം സമ്പത്തതൊന്നായി കാണുക
അമ്മയായ് കാണുക ഞങ്ങളെ നീ
എന്നും താങ്ങായി ഉണ്ടാവും കൂടെ
രക്തം ചിന്തുന്ന കാലം വരെ ഞങ്ങൾ
ഒപ്പം ഉണ്ടാവും നിന്റെ കൂടെ

ചേതനയോടെ വിലപിക്കും ഞങ്ങൾ തൻ

വേദന എന്തെന്ന് അറിയില്ലേ നീ
ഞങ്ങൾ തൻ വേദനയെന്തെന്ന്
അറിയില്ലേ നീ...

<u>അദിരാജ്.എം.ആർ</u>

------------------------------

## കാറ്റ് പറഞ്ഞകഥ

പണ്ട് പണ്ട് ഇണപിരിയാത്ത രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. കാറ്റും മഴയും കാറ്റില്ലെങ്കിൽ മഴയോ മഴയില്ലെങ്കിൽ കാറ്റോ ഉണ്ടായിരുന്നില്ല അവർ പരസ്പരം വളരെയേറെ വിശ്വസിച്ചിരുന്നു. എല്ലാവരും അവരുടെ സുഹൃത്ത് ബന്ധത്തിൽ അസൂയപ്പെട്ടിരുന്നു നല്ല മനോഹരമായ ഒരു ദിവസം , കാറ്റ് മെല്ല എല്ലാരെയും തഴുകി ഉണർത്തി , ഒപ്പം ഭൂമിക്ക് തണുപ്പേകുന്നതുപോലെ ഭൂമിയുടെ ദാഹം ശമിപ്പിക്കുന്നതുപോലെയും മഴ മെല്ല കാറ്റിനോടൊപ്പം പെയ്തിറങ്ങി. അപ്പോൾ കാറ്റ് ചോദിച്ചു. " കൂട്ടുകാരാ എന്ത് മനോഹരമായ ദിവസം അല്ലേ !" അതെ ഈ സായാഹ്നം ഇത്ര മനോഹരമാകുന്നതനു കാരണം നമ്മുടെ സുഹൃത്ത് ബന്ധം അത്ര ദൃഢമായതിനാലാണ് . ഈ സൗഹൃദം എന്നും നലനിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നു. "മഴ പറഞ്ഞു.

എന്നാൽ അവരുടെ സൗഹൃദത്തിൽ അസൂയപ്പെട്ടിരുന്ന പക്ഷികൾ ഇതെല്ലാം കേൾക്കുന്നുണ്ടായിരുന്നു. പക്ഷികൾ പരസ്പരം ഒരു പദ്ധതിയിട്ടു. " അവരുടെ സൗഹൃദം ബദ്ധം ഇല്ലാതെയാക്കണം. ഇനിമേൽ അവർ സന്തോഷപൂർവ്വം ദിവസങ്ങൾ കഴിക്കുന്നത് കാണരുത്. അതിക്രൂരരും ദുഷ്ടരുമായ പക്ഷികൾ പദ്ധതിയിട്ടു. പിറ്റേന്ന് രാവിലെ കുറച്ച് പക്ഷിക്കൂട്ടങ്ങൾ കാറ്റിന്റെ അടുത്ത് ചെന്നു. ശേഷം അവരിലൊരാൾ കാറ്റിനോട് പറഞ്ഞു.

"കറ്റേ എന്തൊക്കെയുണ്ട് വിശേഷം . നിന്നോട് അത്യാവശ്യ കാര്യം സംസാരിക്കാനാണ് ഞങ്ങൾ വന്നത് " ."എന്താ കുഞ്ഞിക്കുരുവി വേഗം പറയൂ, എനിക്ക് മഴയുടെ അടുത്തേക്ക് പോകണം. ഒന്നും അറിയാതെ പാവം കാറ്റ അകാംംഷയോടെ ചോതിച്ചു.

" കാറ്റേ നിന്റെ ആത്മ സുഹൃത്തായ മഴയെ പറ്റി പറയാൻ തന്നെയാണ്.

അവൻ ചതിയനാണ്. പുറമെ സ്നേഹം നടിക്കുന്നു എന്നാൽ അവന്റെ മനസ്സിനുള്ളിൽ നിന്നോടുള്ള അതിയായ ദേഷ്യമാണ്. അവൻ നിന്നെ ദുർബലനായാണ് കാണുന്നത് നിന്നേക്കാൾ ശക്തി അവനുണ്ടെന്ന് അവൻ എല്ലാരോടും പറയുകയാണ്. നീ വെറുതേ അവണ സ്നേഹിക്കുകയാണ്. "

" ഏയ്, അവൻ അങ്ങനെയൊന്നും ചെയ്യില്ല. അവനെന്നെ വളരെ ഇഷ്ടമാണ്. അവന്റ ഊറ്റ സുഹൃത്താണ് ഞാൻ " . " അങ്ങനെയല്ല കാറ്റേ, അവന് നിന്നെ ഒട്ടും ഇഷ്ടമല്ല നിന്നോട് മത്സരിക്കാനാഗ്രഹിക്കുന്നുവെന്ന് അവൻ എന്നോട് പറഞ്ഞതാണ് " . "ആഹാ , അത്രയ്ക്കായോ   അവൻ, ഇന്നവനെ ഞാൻ ശരിയാക്കും " എന്ന് പറഞ്ഞ് കാറ്റ് മഴയുടെ അടുത്തേക്ക് പോയി

കാർത്തിക്.എസ്

## മുഖപ്രസംഗം

പൊതുവിദ്യാഭ്യാസത്തിന് പൊൻതൂവലായി പുത്തൻ ചുവടുകളിലൂടെ,അറിവും തിരിച്ചറിവും ഒത്തുചേരുന്ന ഈ കാലം ശാസ്ത്രാവബോധത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനും അവർക്ക് വേണ്ടുന്ന അടിത്തറ ഇടുന്നതിനു ആധുനികവിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്.ഇത് മനസിലാക്കിയ ഈ
സർക്കാർഅധികാരത്തിൽ വന്നതിന്നുശേഷം നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ
സമൂലമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി അതിന്റെ അധ്യാപടിയായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. കുട്ടികൾക്ക് നവീന പഠനാനുഭവം ലഭ്യമാക്കുക എന്ന
ലക്ഷ്യത്തോടെ വിദ്യാലയങ്ങൾ ഹൈടെക് ആക്കുകയും കുട്ടികളെ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പഠനമാർഗങ്ങളിലേക്ക് ഉയർക്കുകയും ഏറ്റവും വലിയ ഐ. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ്, ഐ. റ്റി ക്ലബുകൾക്ക് രൂപം നൽകി, ഞങ്ങളുടെ വിദ്യാലയത്തിന്റെ ഏതൊരു പ്രവർത്തനത്തിലും ലിറ്റിൽ കൈറ്റ്സ്
ക്ലബ്ബിന്റെ പ്രവർത്തനവും പങ്കളിത്വവും ഉറപ്പാക്കുന്നു കുട്ടികളുടെ കഴിവുകളെ സമൂഹത്തിനു മുൻപ്പായി പ്രദർശിപ്പിക്കുന്നതിനായി ഉത്തമയായ മാധ്യമമയാണ്
ഞങ്ങൾ ഈ മാഗസിനെ കാണുന്നത് എല്ലാവരുടെയും. ആശിസ്സുകൾ ഏറ്റുവാങ്ങി അറിവിന്റെ വെളിച്ചം എല്ലാവരിലേക്കും എത്തട്ടേയെന്ന് പ്രത്യാശിച്ചുകൊണ്ട്
ഞങ്ങളുടെ ജ്യോതിസ്സ് സമർപ്പിക്കുന്നു

അർജ്ജുൻ.ബാബുരാജ്

# എഡിറ്റോറിയൽ ബോർഡ്

**ഇതിന് പിന്നിൽ തോളോട് തോൾ ചേർന്ന് പ്രവർത്തിച്ച പ്രിയ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കും , പ്രിയ അദ്ധ്യാപകർക്കും ഒരായിരം നന്ദി.....**

**ജ്യോതിഷ്**

**കാർത്തിക്ക്**

**45067:എൻ.എസ്.എച്ച്.എസ്.എസ്.നെടുമുടി**